**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2189** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാലഹരണപ്പെട്ട മരുന്നുകളുടെ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലഹരണപ്പെട്ടതും ഉപയോഗശൂന്യവുമായ മരുന്നുകളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി ആരോഗ്യവകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാലഹരണപ്പെട്ടതും ഉപയോഗശൂന്യവുമായ മരുന്നുകളുടെ ശേഖരണത്തിനും സംസ്കരണത്തിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് New Programme for Removal of Unused Drugs (nPROUD). രാജ്യത്ത് തന്നെ ആദ്യമായി സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം.<br><br>ഉപയോഗ ശൂന്യമായ മരുന്നുകൾ പ്രധാനമായും മൂന്ന് രീതിയിൽ ശേഖരിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>1. നിശ്ചിത മാസങ്ങളിൽ ഹരിത കർമ്മസേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട മറ്റേതെങ്കിലും സ്വയം സഹായ സംഘമോ അവരുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് ഓരോ വീടുകളും സന്ദർശിക്കുകയും ഉപയോഗയോഗ്യമല്ലാത്ത മരുന്നുകൾ ശേഖരിക്കുകയും ചെയ്യും. ഇതിനായി മരുന്നുകൾ ഏൽപ്പിക്കുമ്പോൾ ഖരവസ്തുക്കൾ, ദ്രാവക വസ്തുക്കൾ, കത്തിപ്പടരാൻ സാധ്യതയുള്ള വസ്തുക്കൾ അടങ്ങിയ മരുന്നുകൾ എന്നിവ വേർതിരിച്ച് നൽകേണ്ടതാണ്.<br>2. ഇതിനുപരിയായി ഉപയോഗ ശൂന്യമായ മരുന്നുകൾ വാർഡ് അടിസ്ഥാനത്തിൽ പെർമനന്റ് കളക്ഷൻ സൈറ്റുകളിൽ ഡ്രഗ് ടേക്ക് ബാക്ക് സെന്റേഴ്സിൽ (Drug Take Back Centres) സ്ഥാപിച്ചിട്ടുള്ള നീല നിറമുള്ള പെട്ടികളിൽ പൊതുജനങ്ങൾക്ക് നിക്ഷേപിക്കാവുന്നതാണ്. മാസാന്ത്യത്തിൽ സ്വയം സഹായസംഘത്തിന്റെ പ്രവർത്തകർ |

| | | | |
|---|---|---|---|
| | | | ഇത്തരം പെട്ടികളിൽ നിന്ന് മരുന്നുകൾ ശേഖരിക്കുന്നതാണ്. ഓരോ പ്രദേശത്തും ഉള്ള പെർമെനന്റ് കളക്ഷൻ സൈറ്റുകളുടെ വിവരങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.<br>3. വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഉപയോഗ ശൂന്യമായ മരുന്നുകൾ മുൻ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലെ കളക്ഷൻ സെന്ററുകളിൽ എത്തിക്കേണ്ടതും, തൂക്കം കണക്കാക്കി, നിശ്ചിത തുക അടച്ച് പദ്ധതി പ്രവർത്തകരെ ഏൽപ്പിക്കേണ്ടതുമാണ്. ഇതിനായി നിശ്ചിയിക്കുന്ന ദിവസങ്ങളെ ആന്റി മൈക്രോബിയൽ പ്രതിരോധ പ്രചരണങ്ങൾക്കായി "ഗോ – ബ്ലൂ – ഡേ" ആയി ആചരിക്കുന്നതാണ്.<br><br>മേൽ പ്രകാരം ശേഖരിക്കുന്ന മരുന്നുകൾ കേന്ദ്ര-സംസ്ഥാന പരിസ്ഥിതി വകുപ്പുകളുടെ അംഗീകാരമുള്ള Kerala Enviro Infrastructure Limited (KEIL) മാലിന്യ സംസ്കരണ പ്ലാന്റിൽ ശാസ്ത്രീയമായി സംസ്കരിക്കുന്നതാണ്. പദ്ധതിയുടെ പൈലറ്റ് സ്റ്റഡി കോഴിക്കോട് കോർപ്പറേഷനിലും, കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലും 22.02.2025-ന് ആരംഭിച്ചിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയിലൂടെ 'ആന്റിമൈക്രോബിയൽ പ്രതിരോധം' എന്ന നിശബ്ദ വിപത്തിന്റ പ്രതിരോധമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഉപയോഗശൂന്യമായതും കാലഹരണപ്പെട്ടതുമായ മരുന്നുകൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി തിരുവനന്തപുരം നഗരസഭയും ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കി വന്നിരുന്ന 'പ്രൗഡ്' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പൊതുജനങ്ങളിൽ നിന്നും നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ വഴി ശേഖരിച്ച്, ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധ വ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggists Association (AKCDA)-യോടു ചേർന്ന് 2019-ൽ ആരംഭിച്ച പ്രൗഡ് (PROUD-Programme for Removal Of Unused Drugs) എന്ന പദ്ധതി സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്നത്. ഉപയോഗശൂന്യമായ മരുന്നുകൾ ജില്ലയിലെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ള മെഡിസിൻ |

| | | | |
|---|---|---|---|
| | | | ഡ്രോപ്പ് ബോക്സ്/കളക്ടിംഗ് ബിന്നുകൾ മുഖാന്തിരം ശേഖരിച്ച് മംഗലാപുരത്ത് പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് വഴി ശാസ്ത്രീയമായി സംസ്കരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ